**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 962** — **3/12/2014-ലെ** മറുപടിയ്ക്ക്

## ശരണ്യ പദ്ധതി

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ശ്രീ. ഷിബു ബേബിജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ശരണ്യ പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) ശരണ്യാ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014 നവംബർ വരെ ആകെ 7253 വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കുവാനുണ്ട് ; പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ? | (ബി) ശരണ്യാ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൽ ഇനി 4065 അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നു.<br>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം ചുവടെ പറയുംപ്രകാരമാണ്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള , കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ |

കവിയാത്തതും പ്രായം 18 നും 55 നും മധ്യേയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ മുപ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷയും പ്രോജക്ട് റിപ്പോർട്ടും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പ്രാഥമിക പരിശോധനയ്ക്ക് ശേഷം പദ്ധതി പ്രകാരം വായ്പയ്ക്ക് ശുപാർശ ചെയ്യുന്നതിനുള്ള ജില്ലാതല സമിതിയ്ക്ക് സമർപ്പിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ, കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ, ഐ.റ്റി.ഐ. പ്രിൻസിപ്പൽ എന്നിവർ മെംബർമാരായിട്ടുള്ള ജില്ലാതല സമിതി

അപേക്ഷകയെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും, പ്രോജക്ട് തുടങ്ങുവാനുള്ള അപേക്ഷകയുടെ കഴിവ്. അഭിരുചി, സാങ്കേതിക വൈദഗ്ധ്യം, സംരംഭക ശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, വായ്പാ തിരിച്ചടയ്ക്കുവാനുള്ള കഴിവ് എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച് അപേക്ഷകർക്ക് വായ്പ നൽകുന്നതിന് ശുപാർശ ചെയ്യുന്നു. ജില്ലാതല കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിൽ ഉയർന്ന പ്രായപരിധി മാനദണ്ഡമാക്കിയാണ് വായ്പാ തുക വിതരണം ചെയ്തുവരുന്നത് 6 ദിവസം നീണ്ടുനിൽക്കുന്ന സംരംഭകത്വ പരിശീലനം ജില്ലാ Lead Bank ന്റെ കീഴിലുള്ള RSETI (റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) വഴി നൽകിയ ശേഷമാണ് വായ്പ വിതരണം ചെയ്തു വരുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം.

ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ശരണ്യാ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014 നവംബർ വരെ |
|---|---|---|
| 1 | തിരുവനന്തപുരം | 615 |
| 2 | കൊല്ലം | 858 |
| 3 | പത്തനംതിട്ട | 294 |
| 4 | ആലപ്പുഴ | 946 |
| 5 | കോട്ടയം | 436 |
| 6 | ഇടുക്കി | 491 |
| 7 | എറണാകുളം | 696 |
| 8 | തൃശ്ശൂർ | 363 |
| 9 | പാലക്കാട് | 645 |
| 10 | മലപ്പുറം | 606 |
| 11 | കോഴിക്കോട് | 536 |
| 12 | വയനാട് | 223 |
| 13 | കണ്ണൂർ | 396 |
| 14 | കാസറഗോഡ് | 148 |
| | ആകെ | 7253 |

സെക്ഷൻ ഓഫീസർ.